(ജി) നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ടശേഷം ഇവിടെ നേരിട്ട് നിയമനങ്ങൾ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. കമ്പനി രൂപീകരിച്ചതിനുശേഷമാണ് സർക്കാർ ഇതിനംഗീകാരം നൽകിയത്.

(ബി) ഇതുസംബന്ധിച്ച പ്രശ്നങ്ങൾ സർക്കാർ ആലോചിച്ചിട്ടില്ല.

(സി) മിൽമാ ഫുഡ്സ് മുഖേന മിൽമാ ബ്രാൻഡ് വികസനത്തിനായി 3.51 കോടി രൂപ ദേശീയ ക്ഷീരവികസന ബോർഡ് ചെലവാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന കുളമ്പുരോഗ നിവാരണ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായവും (24.98 കോടി രൂപ) ദേശീയ ക്ഷീരവികസന ബോർഡാണ് നൽകുന്നത്.

(ഡി) കേരളത്തിലെ ക്ഷീരമേഖല ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയ ഒരു വിപണന കമ്പനിയുടെ ആവിർഭാവം സഹായകരമാകുമെന്നു കണ്ടതിനാലും വിപണിയിലെ മാത്സര്യം അതിജീവിച്ച് മിൽമാ പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും വിപണി ശക്തിപ്പെടും എന്നു കരുതിയാണ് സർക്കാർ ഈ കരാറിന് അംഗീകാരം നൽകിയത്.

(ഇ) ഉണ്ട്. സർക്കാർ അംഗീകാരത്തിനു വിധേയമായി സംയുക്ത സംരംഭത്തിൽ നിന്നും പിന്മാറാൻ 8-6-2004-ൽ കൂടിയ മിൽമാ ഭരണസമിതിയുടെയും, 9-6-2004-ൽ കൂടിയ സ്പെഷ്യൽ പൊതുയോഗവും തീരുമാനിച്ചിട്ടുണ്ട്.

(എഫ് ആന്റ് ജി) മിൽമാ ഫുഡ്സ് എന്ന് സ്ഥാപനം പബ്ലിക് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ കമ്പനിയിലെ നിയമന കാര്യങ്ങളിൽ കമ്പനിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. ഇതുമായി ബന്ധപ്പെട്ടു കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ഒരു തസ്തികയിലേക്കും നിയമനം നടത്തിയിട്ടില്ല.

മിൽമാ ഫുഡ്സിനും മദർ ഡയറി ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ എന്ന കമ്പനിയും

111 [2080] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, എൻ. രാജൻ:

,, പി. നാരായണൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമാ ഫുഡ്സ് എന്ന സംയുക്ത സംരംഭത്തിലെ പങ്കാളിയായ മദർ ഡയറി ഫുഡ്സ് ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയോ അതിന്റെ ഹോൾഡിംഗ് കമ്പനിയായ മദർ ഡയറി ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് എന്ന കമ്പനിയോ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി മാറ്റിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആയതിന് വ്യാപാര പങ്കാളി എന്ന നിലയിൽ മിൽമയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) മിൽമ സ്വകാര്യവൽക്കരിക്കാനുള്ള പരോക്ഷമായ മാർഗ്ഗമാണിതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(ഇ) മിൽമാ ഫുഡ്സിലെ 51 ശതമാനം ഓഹരികൾ മിൽമയുടെ അനുവാദം കൂടാതെ ഈ ഹോൾഡിംഗ് കമ്പനിയിലേക്ക് മാറ്റിയിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഇതുസംബന്ധിച്ച ആധികാരികമായ വിവരമൊന്നും സർക്കാരിനില്ല.

(സി—ഇ) സഹകരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള മിൽമ സ്വകാര്യവത്ക്കരിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച് ആധികാരികമായ വിവര മൊന്നും ലഭ്യമല്ല.

സംയോജിത സഹകരണ വികസന പദ്ധതി പ്രകാരമുള്ള സഹായം

112 [2081] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരും ദേശീയ സഹകരണ വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന സംയോജിത സഹകരണ വികസന പദ്ധതി പ്രകാരമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായം നിലവിലുള്ള ചട്ടങ്ങളുടെ അപര്യാപ്തതമൂലം ക്ഷീര സഹകരണ സംഘങ്ങൾക്ക് ലഭിക്കാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സഹായം ക്ഷീര സംഘങ്ങൾക്ക് ലഭിക്കുന്നതിന് ഉതകുന്ന രീതിയിൽ സർക്കാർ ഓഹരി വാങ്ങുന്നതിന് നിലവിലുള്ള പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാര്യം പരിശോധിച്ചുവരികയാണ്.

ക്ഷീര കർഷകർക്കുള്ള വേനൽക്കാല ഇൻസെന്റീവ്

113 [2082] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച മിൽമാ ഫുഡ്സ് എന്ന കമ്പനി നിലവിൽ വന്നതിനുശേഷം മിൽമയുടെ മേഖലാ യൂണിനു കൾ നഷ്ടത്തിലായിട്ടുണ്ടോ എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly